(സി) സാധനങ്ങളുടെ അളവിലുള്ള നിയന്ത്രണങ്ങൾമൂലം ഉപഭോക്താക്കൾക്ക് പൊതു വിപണിയെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) മാവേലി സ്റ്റോറുകളിലൂടെ വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് പായ്ക്കിംഗ് ചാർജ് ഈടാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) &(ഡി) മാവേലി സ്റ്റോറിൽ കൂടി വിതരണം നടത്തുന്ന സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിനുവേണ്ടിയാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. കൂടുതലാളുകൾക്ക് മാവേലി സ്റ്റോറിന്റെ പ്രയോജനം ലഭിക്കുന്നതിനും ഇതാവശ്യമാണെന്ന് കരുതുന്നു.

(ഇ) മാവേലി സ്റ്റോറിൽ കൂടി വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് പായ്ക്കിംഗ് ചാർജ് ഈടാക്കുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനു വേണ്ടി പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള പോളിത്തീൻ കവറുകളിലാണ് സാധനങ്ങൾ പായ്ക്ക് ചെയ്ത് കൊടുക്കുന്നത്.

29 (*179) ടൂറിസം വികസനത്തിന് കേന്ദ്രസഹായം

ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം പദ്ധതികളാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ വിനോദസഞ്ചാരനയം ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) വിനോദസഞ്ചാര വികസനത്തിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുവാൻ എന്തെല്ലാം പുതിയ സംരംഭങ്ങൾ ഉണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നടപ്പ് സാമ്പത്തിക വർഷം വിനോദ സഞ്ചാര വികസനത്തിന് എന്ത് തുക മുടക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും; എന്തു തുകയുടെ വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) ഉണ്ട്. താഴെപ്പറയുന്ന പുതിയ പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1. കോവളം ബീച്ചിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്
2. പമ്പാ-കുട്ടനാട് ജലപാതയുടെ സമഗ്ര വികസനത്തിന്.
3. മ്യൂസിയങ്ങളുടെ സമഗ്ര വികസനത്തിന്
4. വാഗമൺ ടൂറിസ്റ്റ് റിസോർട്ടിന്റെ വികസനത്തിന്
5. ഇൻഫർമേഷൻ ടെക്നോളജി സംവിധാനത്തിന്
6. ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി ജൂയിഷ്ടൗൺ എന്നീ കേന്ദ്രങ്ങളുടെ വികസനത്തിന്
7. തേക്കടി, മൂന്നാർ, വൈത്തിരി, എന്നിവിടങ്ങളിൽ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ നിർമ്മിക്കുന്നതിന്
8. മൂന്നാറിൽ യാത്രിനിവാസ് പണിയുന്നതിന്
9. തേക്കടിയിൽ ഒരു എക്കോ-ഫ്രണ്ട്ലി ജനറേറ്റർ സ്ഥാപിക്കുന്നതിന്
10. മണ്ണാർക്കാട് വഴിയോര വിശ്രമകേന്ദ്രത്തിന്
11. പാതിരാമണലിൽ ഒരു ഫ്ളോട്ടിംഗ് റിസോർട്ട് സ്ഥാപിക്കുന്നതിന്
12. മലബാർ പ്രദേശത്തെ സമഗ്ര ടൂറിസം വികസനത്തിന്
13. കുമരകം, ബോൾഗാട്ടി എന്നിവിടങ്ങളിൽ ആയുർവേദ കേന്ദ്രം സ്ഥാപിക്കുന്നതിന്
14. കോട്ടയം- കുമരകം, നെന്മാറാ -നെല്ലിയാംപതി, തേക്കടി- മൂന്നാർ, തിരുവനന്തപുരം- പൊന്മുടി എന്നീ റോഡുകൾ വികസിപ്പിക്കുന്നതിന്.
15. കേരള വില്ലേജ് ഫെയർ, നെഹ്റു ട്രോഫി ബോട്ട് റെയ്സ്, ഇന്ദിരാ ഗാന്ധി ബോട്ട് റെയ്സ്, മലബാർ മഹോത്സവം, ആറന്മുള ബോട്ട് റെയ്സ് എന്നീ മേളകൾക്ക്.

ഇപ്രകാരം മൊത്തം 2945 ലക്ഷം രൂപ മതിപ്പുചെലവു പ്രതീക്ഷിക്കുന്ന പദ്ധതികളാണ് കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുള്ളത്.

(സി) ഉണ്ട്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വാഹക ശേഷിക്ക് അനുസൃതമായി ടൂറിസം വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഭാരതത്തിന്റെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സമ്പന്നരായ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ പ്രചാരണപദ്ധതികൾ ആവിഷ്കരിക്കും. അനിയന്ത്രിതമായി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു പകരം പരിസ്ഥിതിക്കും കേരളത്തിലെ സാംസ്കാരിക പശ്ചാത്തലത്തിനും കോട്ടം തട്ടാത്ത തരത്തിൽ നിയന്ത്രിതമായ ടൂറിസം വികസനമാണ് ലക്ഷ്യം. ടൂറിസവുമായി ബന്ധപ്പെട്ട് പരമാവധി ജോലി സാദ്ധ്യതകളുള്ള മേഖലകൾക്ക് മുൻതൂക്കം നൽകും. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ടൂറിസം നിയമത്തിന്റേയും ചട്ടങ്ങളുടേയും പരിധിയിൽ കൊണ്ടുവരുവാനും ടൂറിസത്തിന്റെ സമൂല വികസനത്തിന് ഉതകുന്ന നിയന്ത്രണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിക്കുവാനും ഉദ്ദേശിക്കുന്നു. "ഓഫ് സീസൺ" കാലഘട്ടമായ വർഷകാലത്തിൽ ആയുർവേദചികിത്സക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജുകൾക്ക് കൂടുതൽ പ്രചാരണം നൽകും. ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുമ്പോൾ. തദ്ദേശീയരുടേയും ആവശ്യങ്ങൾ മുൻപിൽ കണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്കൊപ്പം സ്വകാര്യമേഖലയ്ക്കും പ്രോത്സാഹനം നൽകും.

(ഡി) വിനോദസഞ്ചാരം വളരെയേറെ തൊഴിൽസാധ്യതകൾ ഉള്ള ഒരു മേഖലയാണ്. ഹോട്ടലുകൾ, ട്രാവൽ ഏജൻസികൾ, ടൂർ ഓപ്പറേഷൻ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് ഓപ്പറേഷൻ, കരകൗശല കേന്ദ്രങ്ങൾ, വാർത്താ വിനിമയ കേന്ദ്രങ്ങൾ തുടങ്ങിയ ഒട്ടേറെ മേഖലകളിൽ ടൂറിസം മുഖേന നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുന്നുണ്ട്. കേരളത്തിൽ ടൂറിസം വകുപ്പ് നേരിട്ടും, കെ.റ്റി.ഡി.സി./ബി.ആർ.ഡി.സി., ഡി.റ്റി.പി.സി.കൾ തുടങ്ങിയ സർക്കാർ ഏജൻസികളിലൂടെയും സ്വകാര്യപങ്കാളിത്തത്തോടെയുമാണ് വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഈ മേഖലകളിലെല്ലാം തന്നെ തൊഴിൽ അവസരങ്ങളും ഉണ്ടാകുന്നുണ്ട്. എന്നാൽ ഇതേപ്പറ്റി കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഇതേപ്പറ്റിയുള്ള ഒരു പഠനം നടന്നുവരികയാണ്.

(ഇ) വിദേശ ടൂറിസം വിപണിയിൽ കേരളത്തിന്റെ സാന്നിദ്ധ്യം പ്രകടമായ രീതിയിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടിയും, വിദേശ ടൂറിസ്റ്റുകൾക്കും ടൂർ ഓപ്പറേറ്റർമാർക്കും ടൂർ വിവരങ്ങൾ നൽകുന്നതിനുവേണ്ടിയും ടൂറിസം വകുപ്പ് പ്രശസ്തമായ അന്തരാഷ്ട്രമേളകളിൽ പങ്കെടുത്തുവരുന്നു. വിദേശീയരായ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

* ഓഫ് സീസൺ കാലമായ വർഷകാലത്തിൽ ആയുർവേദ ചികിത്സക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജുകൾ,
* കായലും-പുഴകളും കെട്ടുവള്ളങ്ങളും അടിസ്ഥാനമാക്കിയുള്ള 'ബാക്ക് വാട്ടർ ടൂറിസത്തിന്റെ വികസനം'
* കേരളത്തിലെ ബീച്ചുകളുടെ സമഗ്ര വികസനം
* പരിസ്ഥിതി അടിസ്ഥാനമാക്കിയുള്ള 'എക്കോടൂറിസം പദ്ധതികൾ'
* പീരുമേടിനു സമീപമുള്ള വാഗമണിനെ ഗോൾഫ് കോഴ്സ് അടക്കം വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു അന്തരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

(എഫ്) നടപ്പ് സാമ്പത്തിക വർഷം 36 കോടി രൂപയാണ് വിനോദസഞ്ചാര വികസനത്തിനായി പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇതുവഴി ഏകദേശം 500 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (622) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. എ.വി. അബ്ദുറഹിമാൻഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :

LIBRARY ARCHIVES Kerala Legislative Assembly